

നാളികേര വികസന ബോർഡിന്റെ സഹായത്തോടെ രൂപീകരിച്ച ജില്ലയിലെ 152 നാളികേര ഉൽപാദകസംഘങ്ങളിലെ കേരകർഷകർ ഓഹരിയുടമകളായുള്ള തിരുകൊച്ചി നാളികേര ഉൽപാദന കമ്പനി മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യുന്നു.

# തിരു കൊച്ചി നാളികേര ഉൽപാദന കമ്പനി തുറന്നു

**ജില്ലയിലെ 152 നാളികേര ഉൽപാദക സംഘങ്ങളിലെ ആയിരക്കണക്കിന് കേരകർഷകർ ഹരിയുടമകൾ**

നെടുമ്പാശേരി ● ജില്ലയിലെ 152 നാളികേര ഉൽപാദക സംഘങ്ങളിലെ ആയിരക്കണക്കിന് കേരകർഷകർ ഓഹരിയുടമകളായുള്ള തിരുകൊച്ചി നാളികേര ഉൽപാദന കമ്പനി നിലവിൽ വന്നു. നാളികേര വികസന ബോർഡിന്റെ സഹായത്തോടെ രൂപീകരിച്ച കമ്പനി തെങ്ങിൽ നിന്നുള്ള നീരയുൾപ്പെടെയുള്ള മൂല്യവർധിത ഉൽപന്നങ്ങളുടെ ഉൽപാദന, വിപണനത്തിലൂടെ കേരകർഷക സംരക്ഷണം ലക്ഷ്യമാക്കിയാണ് പ്രവർത്തിക്കുക.

മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം നിർവ്വഹിച്ചു.

അൻവർ സാദത്ത് എംഎൽഎ അധ്യക്ഷനായി. എസ്. ശർമ എംഎൽഎ ലോഗോ പ്രകാശനം ചെയ്തു.

നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് പ്രതിനിധിസമ്മേളനം ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റുമാരായ പി.വൈ. വർഗീസ്, ബിജു ജോസഫ്, ജില്ലാ പഞ്ചായത്തംഗം എം.ജെ. ജോമി, ബ്ലോക്ക് പഞ്ചായത്തംഗം ദിലീപ് കപ്രശേരി, പഞ്ചായത്തംഗം പി.വൈ. എൽദോ, കമ്പനി ചെയർമാൻ ബാബു ജോസഫ്, ഡയറക്ടർമാരായ ഏലിയാസ് കെ. തരിയൻ, പി.പി. ഐസക്, പി.പി. മത്തായി, പി.കെ. ഹരിഹരൻ, സി.സി. ജോൺ, കെ.ആർ. അരവിന്ദൻ, സി.എസ്.എൻ. മേനോൻ, എം.ജെ. പോൾസൺ, ലീനമോൾ എന്നിവർ പ്രസംഗിച്ചു.